LIBRARY ARCHIVES Kerala Legislative Assembly

സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജ് മാനേജ്മെന്റുകളുമായുള്ള വ്യവസ്ഥകൾ

7. (3724) ശ്രീ. ജെയിംസ് മാത്യു :

ശ്രീ. എം. ഹംസ :

ഡോ. കെ. ടി. ജലീൽ :

ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ അദ്ധ്യയന വർഷം സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജ് മാനേജ്മെന്റുകളുമായി ഒപ്പുവെച്ച കരാറിലെ വ്യവസ്ഥകൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ ;

(ബി) സ്വകാര്യ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിൽ പ്രവേശനം നേടുന്നതിന് നേരത്തെയുണ്ടായിരുന്ന എന്തെല്ലാം വ്യവസ്ഥകളിലാണ് ഇളവ് നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; യോഗ്യത മാർക്കിൽ ഇളവ് നൽകിയിട്ടുണ്ടോ; വിശദമാക്കാമോ;

(സി) യോഗ്യത മാർക്ക് സംബന്ധിച്ച മുൻവർഷങ്ങളിലെ വ്യവസ്ഥകൾ എന്തായിരുന്നു;

(ഡി) പുതിയ കരാർ പ്രകാരം സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിലെ പ്രവേശനം നേടാത്ത മെരിറ്റ് സീറ്റുകളിൽ യോഗ്യതയിൽ ഇളവ് നൽകിയവർക്ക് പ്രവേശനം നൽകാൻ വ്യവസ്ഥയുണ്ടോ ; വിശദമാക്കാമോ ;

(ഇ) സ്വാശ്രയ മാനേജ്മെന്റുകളുടെ എന്തെല്ലാം ആവശ്യങ്ങളിലാണ് തീരുമാനം കൈക്കൊണ്ടിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) സ്വാശ്രയ എഞ്ചിനീയറിംഗ് മാനേജ്മെന്റുകളുമായി ഫീസ് സംബന്ധിച്ച് ഒപ്പുവച്ചിട്ടുള്ള കരാറിന്റെ അടിസ്ഥാനത്തിൽ പുറപ്പെടുവിച്ചിട്ടുള്ള സർക്കാർ ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

(ബി) സ്വകാര്യ സ്വാശ്രയ/സർക്കാർ നിയന്ത്രിത എഞ്ചിനീയറിംഗ് കോളേജുകളിലെ മാനേജ്മെന്റ് സീറ്റുകളിലെ പ്രവേശനത്തിന് എ.ഐ.സി.ടി.ഇ. (AICTE) നിഷ്കർഷിക്കുന്ന പ്രകാരം യോഗ്യത മാർക്കിൽ മാറ്റം വരുത്തിയിട്ടുണ്ട്. 4-6-2015-ലെ ജി.ഒ. (എംഎസ്.) നമ്പർ 236/2015/ഉ.വി.വ., 7-7-2015-ലെ ജി.ഒ.

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(എംഎസ്.) നമ്പർ 392/2015/ഉ.വി.വ. ഉത്തരവുകൾ പ്രകാരം സ്വകാര്യ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിലെ മാനേജ്മെന്റ് സീറ്റുകളിലെയും സർക്കാർ നിയന്ത്രിത എഞ്ചിനീയറിംഗ് കോളേജുകളിലെ മാനേജ്മെന്റ് സീറ്റുകളിലേക്കുമുള്ള പ്രവേശനത്തിന് യോഗ്യതാ പരീക്ഷയിൽ നേടേണ്ട കുറഞ്ഞ മാർക്ക് കണക്ക്, ഫിസിക്സ്, കെമിസിടി എന്നിവയ്ക്ക് മൊത്തത്തിൽ 45% ആയി നിജപ്പെടുത്തിയിട്ടുണ്ട്. ഇത് എ.ഐ.സി.ടി.ഇ. (AICTE) അംഗീകരിച്ച മാനദണ്ഡമാണ്.

(സി) 2014-ൽ എഞ്ചിനീയറിംഗ് കോഴ്സുകളിലേക്ക് യോഗ്യത മാർക്ക് മാത്തമാറ്റിക്സിന് മാത്രം 50 ശതമാനവും മാത്തമാറ്റിക്സ് ഫിസിക്സ്, കെമിസ്ട്രി എന്നിവയ്ക്ക് മൊത്തത്തിൽ 50 ശതമാനവും മാർക്ക് ആയിരുന്നു. എന്നാൽ മാത്തമാറ്റിക്സിന് 45 % മാർക്ക് നേടിയ വിദ്യാർത്ഥികൾ ഫിസിക്സ്, കെമിസ്ട്രി എന്നീ വിഷയങ്ങളിൽ മൊത്തം 60 ശതമാനം മാർക്ക് നേടിയിട്ടുണ്ടെങ്കിൽ അത്തരം വിദ്യാർത്ഥികളും എഞ്ചിനീയറിംഗ് കോഴ്സുകളിലേക്ക് അഡ്മിഷന് അർഹരാണ്.

(ഡി) ഉണ്ട്. അവസാന അലോട്ട്മെന്റിന്ശേഷം ഒഴിവ് വരുന്ന മെറിറ്റ് സീറ്റുകൾ അതാത് മാനേജ്മെന്റുകൾക്ക് നികത്താവുന്നതാണ്.

(ഇ) എ.ഐ.സി.ടി.ഇ. (AICTE) അംഗീകരിച്ച മാനദണ്ഡപ്രകാരമാണ് സ്വകാര്യ സ്വാശ്രയ/സർക്കാർ നിയന്ത്രിത എഞ്ചിനീയറിംഗ് കോളേജുകളിലെ മാനേജ്മെന്റ് സീറ്റുകളിലേക്കുള്ള പ്രവേശനത്തിൽ യോഗ്യതാമാർക്കിൽ മാറ്റം വരുത്തിയത്.

സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളുടെ നിലവാരത്തകർച്ച

8 (3725) ശ്രീ. ജി. സുധാകരൻ :
ശ്രീ. പി. ശ്രീരാമകൃഷ്ണൻ :
ശ്രീ. ആർ. രാജേഷ് :
ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളുടെ നിലവാരത്തകർച്ച സംബന്ധിച്ച് വിലയിരുത്തൽ നടത്തുകയുണ്ടായോ ; ഇത് സംബന്ധിച്ച ഹൈക്കോടതി നിർദ്ദേശങ്ങൾ പരിഗണിച്ചിട്ടുണ്ടോ ;

(ബി) നിലവാരത്തകർച്ച സംബന്ധിച്ച ഹൈക്കോടതി പരാമർശത്തിന് വിധേയമായ കോളേജുകളുടെ നിലവിലെ സ്ഥിതി എന്താണ് ; ഇത്തരം കോളേജുകളുടെ കാര്യത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly